(സി) സ്കൂൾ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ പണമില്ലാത്തതിനാൽ മനംനൊന്ത് ശ്രീമതി ഗീത എന്ന ആദിവാസി വീട്ടമ്മ തിരുവനന്തപുരം ജില്ലയിലെ നെടുവേലിയിൽ ആത്മഹത്യ ചെയ്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) കുടുംബപരമായ പ്രശ്നങ്ങളാൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട, സഹോദരനോടൊപ്പം താമസിച്ചിരുന്ന ഗീത എന്ന പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട സ്ത്രീ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആദിവാസികൾക്ക് ഉണ്ടാകുന്ന എല്ലാ പ്രശ്നങ്ങളിലും ഇടപെട്ട് അവയ്ക്ക് പരിഹാരം കാണുന്നതിന് ട്രൈബൽ പ്രൊമോട്ടർമാർ, ഊരുകൂട്ടങ്ങൾ വഴി ആവശ്യമായ നടപടികൾ ഇപ്പോൾത്തന്നെ സ്വീകരിക്കുന്നുണ്ട്.

ലംപ്സംഗ്രാന്റ് വിതരണത്തിന്റെ സ്ഥിതിവിവരക്കണക്ക്

134 [297] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ആകെ എത്ര പട്ടികജാതി വിഭാഗം വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും എത്ര പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കുമാണ് 2004-2005 അദ്ധ്യയന വർഷത്തിൽ ലംപ്സം ഗ്രാന്റ് ആനുകൂല്യം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ ലോവർ പ്രൈമറി വിഭാഗം, അപ്പർ പ്രൈമറി വിഭാഗം, ഹൈസ്കൂൾ വിഭാഗം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഓരോ തലത്തിലും ഇപ്പോൾ നൽകിവരുന്ന ലംപ്സംഗ്രാന്റ് തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ഡി) വിദ്യാഭ്യാസ ചെലവുകൾ വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ഇപ്പോൾ നൽകിവരുന്ന ലംപ്സംഗ്രാന്റ് തുക വർദ്ധിപ്പിച്ചു നൽകുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(ഇ) നടപ്പുവർഷത്തെ ലംപ്സംഗ്രാന്റ് ആനുകൂല്യത്തിന്റെ ആദ്യഗഡു വിതരണം ചെയ്യുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly.

ഉത്തരം

(എ) സംസ്ഥാനത്ത് 61,999 പട്ടികവർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് ലംപ്സംഗ്രാന്റ് ലഭിക്കുന്നുണ്ട്. 2003-2004-ൽ 472,614 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് അനുവദിച്ചു നൽകിയിട്ടുണ്ട്. 2004-2005-ൽ പുതിയ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിവരുന്നതിനാൽ എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും എന്നുള്ള വിവരം ഇപ്പോൾ ലഭ്യമല്ല. വിവരം ശേഖരിച്ചുവരുന്നു.

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ കണക്ക് താഴെ പറയുന്നു:

എൽ.പി. വിഭാഗം	..	30,110
യു.പി. വിഭാഗം	..	18,663
ഹൈസ്കൂൾ വിഭാഗം	..	13,226

പട്ടികജാതി വിഭാഗത്തിന്റെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് ഇപ്പോൾ താഴെപ്പറയുന്ന തുക നൽകിവരുന്നു:

എൽ.പി. വിഭാഗം	..	95	രൂപ
യു.പി. വിഭാഗം	..	155	,,
ഹൈസ്കൂൾ വിഭാഗം	..	220	,,

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 4 മാസത്തെ സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും ജൂൺ മാസം 15-ാം തീയതിയോടെ നൽകാൻ സ്റ്റാൻഡിംഗ് ഓർഡർ നിലവിലുണ്ട്. അതിൻപ്രകാരം നടപടി സ്വീകരിച്ചിട്ടുമുണ്ട്.

ടെക്നിക്കൽ ഹൈസ്കൂളുകളുടെ സ്റ്റൈപ്പന്റ് വിതരണം

135 [298] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കഴിഞ്ഞ മൂന്ന് വർഷമായി സ്റ്റൈപ്പന്റ് ലഭിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രകാരം സംഭവിച്ചതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly